# നീണ്ട കവിതകളെപ്പറ്റി

സി. ജെ. തോമസ്



നീണ്ട കവിതകളെപ്പറ്റി
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Algerien Desert, a photograph by Gruban. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നീണ്ട കവിതകളെപ്പറ്റി

പണ്ടു പണ്ട് ഒരു വേടരാജാവുണ്ടായിരുന്നു. രാജാവിന്റെ പ്രധാന പൂജാരിയുടെ പുത്രൻ രാജകന്യകയിൽ അനുരക്തനായി. പരദേവതയുടെ കോപശാന്തിക്കുവേണ്ടി കുമാരിയെ കുരുതികഴിക്കണമെന്നു വന്നപ്പോൾ ആ യുവാവ് ഈശ്വരഭക്തിക്കെതിരായി ആയുധമേന്തി. ഈശ്വരൻ പ്രതികാരം നടത്തി. മല പൊട്ടി. വേടന്മാരും വേടത്തികളും ജലപ്രവാഹത്തിൽ ഒഴുകിപ്പോയി. ഇങ്ങനെയൊരു പഴങ്കഥയാണ് 'നീണ്ട കവിതകളി'ൽ ഒന്നാമത്തേതിന്റെ വിഷയം. പിന്നീടുള്ളത് ആന ചത്ത ഒരാനക്കാരനും തല മറന്ന് എണ്ണ തേയ്ക്കുന്ന ഒരു കുറവനുമാണ്. അടുത്തതായി ക്രിസ്ത്യാനികളുടെ ഒരു കഥയും മറ്റും. ഇങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി കവിതയെഴുതിയാൽ അതിലെന്താണ് അനുമോദനാർഹമായിട്ടുള്ളതെന്ന് ഒരു ചോദ്യമുണ്ടാകും. ഇന്നു കവിതയെഴുതുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ വിഷയം പുരോഗമനപരമായിരിക്കണം; ജനകീയമായിരിക്കണം. ഈ കവിതകളിലാകെ, സാധാരണയായി പുരോഗമനമെന്നു കരുതപ്പെടുന്ന വിഷയങ്ങൾ ഒന്നും കാണുന്നുമില്ല. പിന്നെയെന്തു പ്രയോജനമാണ് ഈ കവിതകൾകൊണ്ടുള്ളത്? അഥവാ അവയിൽ പുരോമനപരമായി എന്തെങ്കിലും ഉണ്ടോ?

ഉണ്ട്. പുരോഗമനമെന്നതു മനുഷ്യ ജീവിതത്തിന്റെ ഉപരിതലത്തിൽ ദിനംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വെടിക്കെട്ടുകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. കുറച്ച് ആഴത്തിലും പരപ്പിലും ചിന്തിക്കുവാൻ കഴിവുള്ളവർക്കു കാലത്തോടൊപ്പം മനുഷ്യവർഗ്ഗം മാറിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനഗതിയാണ് പുരോഗതി. ആ മൗലികമായ പുരോഗതി, നീണ്ട കവിതകളിൽ പ്രതിഫലിച്ചു കാണുന്നുണ്ട്.


എൻ. വി. കൃഷ്ണവാരിയർ

വേടരാജാവിന്റെ കഥ രണ്ടായിരം വർഷങ്ങൾക്കുമുമ്പുതന്നെ എഴുതപ്പെടാം. പക്ഷേ, വാര്യരെഴുതിയതുപോലെയല്ലെന്നു മാത്രം. ഈ കൃതിയിലെ 'പഴയ പാട്ട്' കാറൽ മാർക്സിനുശേഷമേ എഴുതപ്പെടൂ. അധികം മഴയുള്ള മലകളിൽ 'ഉരുൾപൊട്ടുക' എന്നതു് ഒരു സാധാരണ സംഭവമാണ്. പക്ഷേ, ഈ പ്രകൃതിക്ഷോഭം ആദ്യമായി കാണുന്ന പ്രാകൃത മനുഷ്യൻ അതിന്റെ ശാസ്ത്രീയമായ കാരണം കണ്ടുപിടിക്കാൻ കഴിവില്ലാതെ അത്ഭുതപ്പെടും. അടുത്തു തന്നെ കുപിതയായ ഏതോ ഒരു ഈശ്വരിയുടെ 'പ്രത്യക്ഷ'മായി വ്യാഖ്യാനിക്കുകയും ചെയ്യും. വാര്യർ കഥയിൽ മാറ്റമൊന്നും വരുത്തുന്നില്ല. പക്ഷേ, അക്കഥതന്നെ വാര്യരുടെ കൈയിൽ മതത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഉത്ഭവരീതിയെ കാണിക്കുന്ന ഒരുപകരണമായിട്ടാണ് തീർന്നിരിക്കുന്നത്. ഒരു യുക്തിവാദിയുടെ ഭാഷയുടെ കാർക്കശ്യമില്ലാതെ മനുഷ്യനെ ശാസ്ത്രീയചിന്താഗതിയിലേക്കുയർത്തുവാൻ വാര്യർക്കു കഴിയുന്നുണ്ട്. ദേവിയെപ്പോലും വകവെയ്ക്കാതെ അനീതിക്കെതിരായി ഖഡ്ഗമൂരിയ ആ വേടയുവാവ് അന്ധവിശ്വാസത്തിനെതിരായി സമരം ചെയ്ത മനുഷ്യസംസ്കാകാരത്തിന്റെ അടിത്തറപാകിയ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയാണ്. ചുരുക്കിപ്പറഞ്ഞാൽ 'പഴയപാട്ട്' മനുഷ്യവർഗ്ഗചരിത്രത്തിന്റെ സംഗ്രഹിച്ച ഒന്നാമദ്ധ്യായമാണ്. ശ്രീ. വാര്യരുടെ ആനക്കാരനും ചരിത്രപരമായ ഒരുഭാഗം അഭിനയിക്കാനുണ്ട്. താൻ സ്നേഹിച്ച വസ്തു ആശയ്ക്കിടമില്ലാത്ത തരത്തിൽ നഷ്ടപ്പെട്ടുപോയ സന്ദർഭത്തിലുള്ള സങ്കടമാണ് കവിതാവിഷയം. പക്ഷേ, മറ്റൊരുതരത്തിൽ അതിപ്രധാനമായ ഒന്നാണ് ആ കഥയുടെ പശ്ചാത്തലം. ആ ആനക്കാരനു തന്റെ തൊഴിലിനോടും ആനയോടും ഉള്ള സ്നേഹം ഫ്യൂഡൽകാലഘട്ടത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. വ്യക്തിപരമായ ലാഭമെന്നതാണല്ലോ മുതലാളിത്തകാലത്തിന്റെ ആദർശം. ഈ കച്ചവടമനസ്ഥിതി വളരുന്നതിനുമുമ്പു ഫ്യൂഡൽകാലഘട്ടത്തിൽ സ്ഥാനമനുസരിച്ചുള്ള പരസ്പരസ്നേഹവിശ്വാസങ്ങളിന്മേലായിരുന്നു സമുദായം കെട്ടിപ്പടുത്തിരുന്നത്. പുറകോട്ടുനോക്കാൻ പ്രത്യേകം വാസനയുള്ള ചിലർ ഈ സമ്പ്രദായത്തിന്റെ വൈകാരികപ്പുറംപൂച്ച കണ്ടു മയങ്ങിപ്പോകുന്നുണ്ട്. പക്ഷേ, അതിന്റെ അവസാനം ആ ആനക്കാരന്റെതും അമ്മയെത്തല്ലി ഓടിപ്പോയ മകന്റേതുമാണ്. രംഗത്തുവരാത്ത ഒരു ചൂഷകനുവേണ്ടി ആനയും ആനക്കാരനും പണിയെടുക്കുന്നു. അവർ തുല്യദുഃഖിതരാണ്; സഖാക്കളാണ്. അവർക്കു പരസ്പര സ്നേഹമല്ലാതെ സമ്പാദ്യമില്ല. അങ്ങനെയിരിക്കുമ്പോൾ ഒരാൾ പോയാൽ പിന്നെ മറ്റെയാളിന്റെ ജീവിതം അനാവശ്യമാണ്. അതുകൊണ്ട് ആനക്കാരനും മരിച്ചുപോകുന്നു. ആ കാലഘട്ടം കഴിഞ്ഞു് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറേക്കൂടി വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടത്തെയാണ് 'തീവണ്ടിയിലെ പാട്ട്' ചിത്രപ്പെടുത്തുന്നത്. ധനികനും ദരിദ്രനും തമ്മിലുള്ള വൈരുദ്ധ്യത്തെ ഒരു പ്രേമബന്ധംകൊണ്ടു കീഴ്മേലയിട്ടിരിക്കുകയാണ്. ചെട്ടിയാരുടെ മകളുടെ സൗന്ദര്യവും കുറവന്റെ സംഗീതവും തമ്മിലിടയുമ്പോൾ സമുദായം അവരിരുവരെയും ചങ്ങലയിലേക്കു വഴിനടത്തുന്നു. ആ രമണനും മരിക്കുകതന്നെ വേണം. വാര്യർ ഒരു കഥപറയുക മാത്രമേ ചെയ്യുന്നുള്ളൂ. പക്ഷേ, പ്രേമിക്കാൻ പോലും സ്വാതന്ത്ര്യമില്ലാത്ത സമുദായഘടനയെ വായനക്കാരൻ വെറുക്കുകകൂടി ചെയ്യുന്നുണ്ട്.

കാലം പിന്നെയും കഴിഞ്ഞു. സാമ്രാജ്യത്വം കോളണികളിൽ കൊള്ളനടത്തുകയാണ്. ഭൗതികവിഭവങ്ങൾ കൊണ്ടുമാത്രം വെള്ളക്കാരൻ സംതൃപ്തനായില്ല. പൂനിലാവിൽ കണ്ട കടകുകാരിയുടെ പരിശുദ്ധിയും അയാൾ അപഹരിച്ചു. കൊടിയ പ്രതികാരത്തിന്റെ ഒരു കഥകൊണ്ടു വാര്യർ അക്കാര്യവും പറയുന്നു. അതിൽ ഒന്നു മാത്രമാണ് ശ്രദ്ധിക്കാനുള്ളതു്. ആ കടകുകാരനെ 'അഹിംസാ പരമോ ധർമ്മഃ' എന്ന രോഗം ബാധിച്ചിട്ടില്ലായിരുന്നുവെന്ന്, അഥവാ, അയാൾ കപടസന്യാസിയല്ലായിരുന്നുവെന്ന്, വേദാന്തം പ്രസംഗിച്ചുകൊണ്ടു മാറ്റ തുളയ്ക്കുകയും മാനഭംഗം ചെയ്കയും ചെയ്യുന്നവന്റെ മുൻപിൽ വാലാട്ടിനിന്നു ശിങ്കിടിപാടുന്ന ഫിലോസഫിയിൽ ശ്രീ. വാര്യർ വിശ്വസിക്കുന്നില്ല.

ഒരിക്കൽക്കൂടി മതം കവിതാവിഷയമായിത്തീരുന്നുണ്ട്. ഇക്കുറിമതവും ലൈംഗികവികാരവും തമ്മിലുള്ള ബന്ധത്തെയാണ് വാര്യർ പരിശോധിക്കുന്നത്. ക്രിസ്തുവിനു മൂന്നു ശതാബ്ദം കഴിഞ്ഞതിനുശേഷം ക്രിസ്തുമതത്തിൽ ബ്രഹ്മചര്യത്തിനു വലിയ പ്രാബല്യം സിദ്ധിച്ചു. കുറേ ശതാബ്ദങ്ങളിലേയ്ക്കു യൂറോപ്പിലും പാലസ്തീനിലും ഇതു് ഒരുതരം ഭ്രാന്തായിത്തീർന്നു. വെറും ബ്രഹ്മചര്യംതന്നെ സ്വർഗ്ഗത്തിലേക്കുള്ള വഴിയായി ഗണിക്കപ്പെട്ടു. വിവാഹിതർ ബ്രഹ്മചര്യംപാലിക്കുന്നതു് ഏറ്റവും ഉൽകൃഷ്ടമായ ഭക്തിമാർഗ്ഗവുമായി. കുട്ടികളെ സ്നേഹിക്കുകയും കുടുംബത്തെ അനുഗ്രഹിക്കുകയും വേശ്യകളോടൊത്തു ജീവിക്കുകയും ചെയ്ത ഒരു മഹാന്റെ അനുയായികൾ ജീവിതത്തെ വെറുത്തു മനുഷ്യാത്മാവിനെ മുരടിപ്പിക്കുന്ന ഇത്തരമൊരു വൈകല്യത്തിന് എങ്ങനെ അടിമപ്പെട്ടുവെന്നു പലരും ചിന്തിച്ചിട്ടുണ്ട്. സെമിറ്റിക് വർഗ്ഗങ്ങൾക്കു പൊതുവായി കാണപ്പെടുന്ന സ്ത്രീവിദ്വേഷമാണ് ഇതിനു കാരണം എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശ്രീ. വാര്യർ കുറേക്കൂടി അടിസ്ഥാനപരമായ ഒരു കാരണമാണ് കാണുന്നത്. ഭക്തിയും കാമാസക്തിയും ഒരു വികാരംതന്നെയാണ്. രണ്ടാമത്തേതിന്റെ സബ്ലിമേറ്റഡ് രൂപമാണ് ആദ്യത്തേത്. പിന്നെ യെങ്ങനെയാണ് മതം ബ്രഹ്മചാരിത്വത്തിനു കാരണമായിത്തീരുന്നത്? അതിങ്ങനെയാണ്: രണ്ടു ശക്തികൾ ഒരു മനസ്സിനെ കൈവശപ്പെടുത്താൻ ശ്രമിക്കുമ്പോൾ അവ തമ്മിൽ ഒരു പരസ്പരമാത്സര്യം സംജാതമാകുന്നു. അതിശക്തിയായ കാമാസക്തിയുള്ള പുരുഷനും സ്ത്രീയും ഒന്നുകിൽ ഇണയെ വെറുത്തു മതത്തിലെത്തും. അല്ലെങ്കിൽ, സർവ്വവും മറന്നു ഭോഗേച്ഛയിൽത്തന്നെ കഴിയും. ഇതിൽ, രണ്ടാമത്തെ വർഗ്ഗമാണ് എണ്ണത്തിൽ കൂടുതൽ. പക്ഷേ, അവർ സാധാരണയായതുകൊണ്ട് അവരെ നാം ഗൗനിക്കുന്നില്ല. ഒന്നാമത്തെ കൂട്ടർ തലകത്തിനില്ക്കുകയാണ്. അതുകൊണ്ട് അവർ നമ്മുടെ ശ്രദ്ധയെ പിടിച്ചുപറ്റുന്നു. സ്ത്രീയെ വെറുക്കുന്ന പുണ്യവാളനും, ബ്രഹ്മചാരിയായ കാപാലികനും, ഇഷ്ടദേവത കന്യകാമറിയയും ദുർഗ്ഗയുമാണെന്ന് ഓർമ്മിക്കണം. ഈ ന്യൂറോസിസ് ബാധിച്ച ഒരു നല്ല മനുഷ്യനാണ് അലെല്ലിസ്റ്റ്. അദ്ദേഹം അവസാനമായി ഭാര്യയുടെ അടുത്തു താമസിക്കാൻ ഇഷ്ടപ്പെടുന്നതു് സബ്ലിമേറ്റ് ചെയ്ത കാമത്തെയാണ് കാണിക്കുന്നതു്. മർദ്ദിതവികാരങ്ങൾ കൊടുമ്പിരികൊണ്ടു നില്ക്കുന്ന ആ ചിത്രം ശ്രീ. വാര്യരുടെ കവിതയിലാണോ, ശ്രീ. കെ. സി. എസ്. പണിക്കരുടെ ചിത്രത്തിലാണോ മികച്ചുനില്ക്കുന്നതെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. പശ്ചാത്തലനിർമ്മിതിയിലും ശ്രീ. വാര്യർ വിജയിച്ചിട്ടുണ്ട്. മറ്റൊരു രാജ്യത്തിൽ, അടുത്തു പരിചയമില്ലാത്ത ഒരു മതത്തിലെ കാര്യമെടുത്തു പ്രതിപാദിക്കുമ്പോൾ പശ്ചാത്തലം നന്നാക്കുകയെന്നു പറയുന്നതു ശ്രമകരമായ ഒരു ജോലിയാണ്. പരിത്യക്തയായ ആ ഭാര്യയെയും വാര്യർ ചിത്രീകരിക്കുന്നു. ജീവിതകാലമെല്ലാം ഒരു ബ്രാഹ്മണവിധവയെപ്പോലെ കഴിയേണ്ടിവരുന്ന ഒരു സാധുസ്ത്രീക്കു മതം പുണ്യവതിപ്പട്ടം കൊടുത്തതായിട്ടറിവില്ല. അവർ ഈ അതിരുകടന്ന ഭക്തിയൊന്നും ചോദിച്ചുവാങ്ങിയതല്ല. അവർക്കു വിവാഹമോചനം കൊടുക്കാനും മതം തയ്യാറില്ല. ഇതാണ് മനുഷ്യനെ തല്ലി സ്വർഗ്ഗത്തിൽ കയറ്റുന്ന ഏർപ്പാട്. വേണ്ടകാലത്തു വിവാഹംചെയ്യാതെ, പണിയെടുക്കാതെ, മനുഷ്യരെ സ്നേഹിക്കാൻ കഴിവില്ലാതെ, തലതിരിഞ്ഞുപോയ കിഴവൻപുരോഹിതന്മാരുടെ കൈയിൽ ഒരു നല്ല തത്ത്വം ലഭിച്ചാൽ അവർ അതിനോട് എന്തുചെയ്യുമെന്നു വാര്യർ കാണിച്ചിട്ടുണ്ട്.


വള്ളത്തോൾ

അവസാനമായി വാര്യർ പാടുന്നതു് ഇന്നത്തെ ഇന്ത്യയുടെ ദേശീയഗാനമാണ്. തൊഴിലുതെണ്ടി പട്ടണത്തിലെത്തുന്ന പട്ടിണിക്കാരൻ കാണുന്ന യാഥാർത്ഥ്യങ്ങൾ. തിരുവാഴിത്താൻ രാജാവിനെ നഗ്നനാക്കി ഘോഷയാത്ര നടത്തിയെന്നൊരു കഥയുണ്ട്. തിരുവാഴിത്താനൊരു വസ്ത്രമുണ്ടാക്കി. അതു വളരെ നേർത്തതായിരുന്നത്രേ. അവനവന്റെ ജോലിക്ക് അപ്രാപ്തരായവർക്ക് അതു കാണാൻ കഴിവുണ്ടായിരിക്കുകയില്ല. തിരുവാഴിത്താൻ രാജാവിനെ വസ്ത്രമുടുപ്പിച്ചു. തനിക്ക് അതു കാണാൻ വയ്യായെന്ന രഹസ്യം രാജാവ് ഒളിച്ചു. രാജ്യത്തുള്ള മറ്റുള്ളവരുടെയും കഥയതുതന്നെ. ഒരു കൊച്ചുകുട്ടി മാത്രം വിളിച്ചുപറഞ്ഞു: 'അയ്യോ! രാജാവു മുണ്ടുടുത്തിട്ടില്ലേ!' ഒന്നുമറിഞ്ഞുകൂടാത്ത ആ കുട്ടിയാണ് കൃഷ്ണവാര്യർ. ആഗസ്റ്റ് പതിനഞ്ചു കഴിഞ്ഞു. കൊടിയിലെ ചായം മഴയിലൊലിച്ചുപോയി. ഇപ്പോൾ രാജ്യം ഭരിക്കുന്നതു നമ്മൾ തന്നെയാണ്. കാര്യമെല്ലാം സുഭിക്ഷമായി. പക്ഷേ, കുട്ടിയുടെ അഭിപ്രായം രാജാവു മുണ്ടുടുത്തിട്ടില്ലെന്നാണ്. ഇന്നും നാട്ടുകാരനു പട്ടിണിയും തൊഴിലില്ലായ്മയുമാണ്. നൃത്തവും മദ്യവും സായ്പിനാണ്. ഇന്നും ഇന്ത്യാക്കാരൻ തൊഴിലാളിയാണ്. സായ്പാണ് കമ്പനിയുടമസ്ഥൻ. പക്ഷേ, അതൊന്നും അധികം വിവരിക്കുവാൻ ഈ കാലാവസ്ഥ നന്നല്ല. അവതാരികയെഴുത്ത് ആരോഗ്യത്തെ അപകടപ്പെടുത്തരുതല്ലോ.

അപ്പോൾ, വാര്യരുടെ കവിതാവിഷയങ്ങൾ എല്ലാം കൂട്ടിച്ചേർത്താൽ ഒരു മനുഷ്യചരിത്രസംഗ്രഹമായി. നീണ്ടുനീണ്ട ആ കഥയിലെ പ്രധാനമായ ചില ഏടുകൾ. വിഷയങ്ങൾ പുരോഗമനപരമാണ്. അതിനാരും ബഹളം കൂട്ടണ്ട. പക്ഷേ, ഇതിനുമുമ്പും പല കവികളും പുരോഗമനവിഷയങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. അവ വേണ്ടത്ര ജനകീയമായിരുന്നില്ല. 'നീണ്ട കവിതകൾ' മലയാളത്തിലെ ഏറ്റവും നല്ല കവിതകളാണെന്ന് എനിക്കഭിപ്രായമില്ല. എങ്കിലും, അവ മലയാളത്തിലെ ഒരു പുതിയ കവിതാപ്രസ്ഥാനത്തിനു പ്രായം തികഞ്ഞുവെന്നു വിളിച്ചറിയിക്കുന്നു. എന്താണ് ഈ കവിതകൾക്കുള്ള സവിശേഷത?

പറയാം. അതൊരു രൂപഭദ്രതാപ്രശ്നമാണ്. വാളിന് നല്ല ഉരുക്കു മാത്രം പോരാ, മൂർച്ചയും ഉണ്ടായിരിക്കണമെന്നു കോഡ്‌വെൽ പറഞ്ഞിട്ടുണ്ടല്ലോ, സജ്ജാദ് സഹീറും.


പി. ഭാസ്കരൻ

പഴയ വീഞ്ഞ് പുതിയ തുരുത്തിയിൽ ഒഴിച്ചാൽ തുരുത്തി പൊട്ടി വീഞ്ഞും തുരുത്തിയും നഷ്ടപ്പെടുമെന്നു ക്രിസ്തു ഒരിക്കൽ പറഞ്ഞു. അതിന്റെ അർത്ഥം മഹാകവി വള്ളത്തോൾ പറഞ്ഞതുപോലെ പാത്രവും ഉള്ളടക്കവും തമ്മിൽ ബന്ധമില്ലെന്നല്ല, നേരെമറിച്ചാണ്. പഴയ വീഞ്ഞിനു ശക്തികൂടും. അതിനു പഴയ പാത്രംതന്നെ വേണം. പുതിയ ആശയങ്ങൾക്കു ശക്തി കൂടും, അവയ്ക്കു പുതിയ കലാരൂപങ്ങൾ കൂടിയേ തീരൂ. 'ഹിറ്റ്ലർ വധം' കഥകളി വിജയകരമാകാത്തതിന്റെ കാരണം, കവി വത്തിക്കാന്റെ ഏജന്റായതല്ല, ആ വിഷയത്തിനു കഥകളിരൂപം പറ്റുകയില്ലെന്നതാണ്. കുറെക്കാലമായി കവിത ജനകീയമാക്കിത്തീർക്കുവാൻ ബോധപൂർവ്വമായ പല പരിശ്രമങ്ങളും നടന്നിട്ടുണ്ട്. കെടാമംഗലത്തിന്റെ കടത്തുവഞ്ചിയും, ചങ്ങമ്പുഴയുടെ വാഴക്കുലയും, ഭാസ്കരന്റെ വയലാറും, വാര്യരുടെ എലികളും ആ പരിശ്രമത്തിന്റെ ഉത്തമസൃഷ്ടികളാണ്. ആമ്പലും ചന്ദ്രികയും കവിതാവിഷയമല്ലെന്ന് ഇനി കവികളോട് ഉപദേശിക്കേണ്ട ആവശ്യമില്ല. 'കുചകലാചലങ്ങളും' 'വരാരോഹങ്ങളും' തപ്പി നടക്കുന്ന വയസ്സന്മാരാരും ഇനി സോഷ്യലിസ്റ്റായിത്തീരുമെന്ന് ആശിക്കേണ്ടതുമില്ല. ഉള്ളടക്കം ജനകീയമായിക്കഴിഞ്ഞു. കവിത ജനകീയമായിത്തീർന്നിട്ടില്ലതാനും. എന്തോ ഒരു കൃത്രിമത്വം അതിൽത്തങ്ങിനിന്നു. എങ്ങനെയോ തപ്പിത്തടഞ്ഞ് ഈ കൃത്രിമത്വം രൂപത്തെ സംബന്ധിക്കുന്നതാണെന്നു ശ്രീ. വാര്യർ മനസ്സിലാക്കി. ചൂണ്ടിക്കാണിച്ച കവിതകളെല്ലാം ബൂർഷ്വാകാലത്തെ കലാസങ്കേതങ്ങളനുസരിച്ചുള്ളതാണ്. വിഷയം ജനങ്ങൾക്കു രസമുള്ളതാണെങ്കിലും ടെക്നിക് അവർക്കു ദഹിക്കുന്നതല്ല. അതുതന്നെയാണ് അവയ്ക്കു വേണ്ടത്ര പ്രചാരം ലഭിക്കാത്തതിന്റെ കാരണവും. നാട്ടുകാർക്കു നാടൻ ടെക്നിക് ആവശ്യമാണ്, അതായതു നാടോടിപ്പാട്ട്. ഈ രീതിയിൽ ആദ്യമായി ഉണ്ടായ കവിതകളിൽ ഏറ്റവും ഗണ്യമായതു് വാര്യരുടെ 'പഴയ പാട്ട്' ആണ്. അതു വായിച്ചുകിട്ടിയ പ്രചോദനമാണ് ശ്രീ. ഭാസ്കരനെക്കൊണ്ട് 'പയനയും കൊന്നയും പരണയും പൂക്കുന്ന പരിയാരംകന്നിന്റെ ചോട്ടിൽ' എന്നു തുടങ്ങുന്ന പാട്ടെഴുതിച്ചതു്. അതിനുശേഷം ചങ്ങമ്പുഴയുടെ തുകിലുണർത്തു പാട്ട് (രാക്കിളികൾ) എഴുതപ്പെട്ടു. ഇങ്ങനെ നമ്മുടെ യുവകവികൾ ഇന്നത്തെ കാലത്തിനുവേണ്ട കവിതാരീതിയിലെത്തി. അങ്ങനെ മലയാളത്തിൽ രണ്ടാമതും ഫോക്ക് പോയടി ഉണ്ടായി. ഫോക്ക് പോയടിയെന്നു കേൾക്കുമ്പോഴേയ്ക്കും അതു കൂടിയേ തീരുവെന്ന് ആർത്തു വിളിക്കുന്നവരുണ്ട്. പക്ഷേ, പലർക്കും അതിന്റെ രൂപമെന്താണെന്നു വ്യക്തമായിട്ടറിവില്ല. ഫോക്ക് പോയടിയുടെ സ്വഭാവം കവിതയുടെയും പൊതുവേലയുടെയും ചരിത്രം കൊണ്ടുമാത്രമേ ഗ്രഹിക്കാൻ കഴിയൂ.


ചങ്ങമ്പുഴ

എല്ലാ കലകളുടെയും ഉത്ഭവം ജനകീയമാണ്. മനുഷ്യന്റെ വിശ്രമാവസരങ്ങളിൽ തന്റെ അനുഭൂതികൾക്കു പ്രകടനം നല്കിയ ഉപാധികളാണ് കലാരൂപങ്ങൾ. ആ അനുഭൂതികൾ സമുദായത്തിന്റെ പൊതുവായ അനുഭൂതികളായിരുന്നു. യാതൊരു കൃത്രിമത്വവും അവയുടെ പ്രകടനത്തിൽ ഉണ്ടായിരുന്നില്ല. ജീവിതാനന്ദത്തെ പൊതുവെയും യഥാർത്ഥസംഭവങ്ങളെ പ്രത്യേകിച്ചും അവ പ്രതിഫലിപ്പിച്ചിരുന്നെങ്കിലും, രസികരെയെന്നതിൽ കവിഞ്ഞ് അവയ്ക്ക് ഒരുദ്ദേശ്യമുണ്ടായിരുന്നില്ല. വിശ്രമവേളകൾ ചുരുങ്ങിയിരുന്നതുകൊണ്ടു കലാസൃഷ്ടി വലുപ്പത്തിലും കുറവായിരുന്നു. കാലക്രമത്തിൽ ഉപകരണം, യന്ത്രം മുതലായവയുടെ വളർച്ചകൊണ്ടു വിശ്രമത്തിനുള്ള അവസരം വർദ്ധിച്ചു. പക്ഷേ, അതോടൊപ്പം സമുദായഘടനയുടെ രൂപവും മാറി. ഒരു ഭൂരിപക്ഷത്തിനു വിശ്രമമില്ലാത്ത വേലയും ഒരു ന്യൂനപക്ഷത്തിനു വേലയില്ലാത്ത വിശ്രമവും എന്ന നിലയിലെത്തി. അതോടുകൂടി ഭൂരിപക്ഷത്തിനു കലാസൃഷ്ടിക്കും ആസ്വാദനത്തിനുമുള്ള അവസരം നിഷേധിക്കപ്പെട്ടു. അവർ മൃഗങ്ങളുടെ അവസ്ഥയിലേക്കു താണു. യഥാർത്ഥ ജനകീയകലയായ നാടോടിപ്പാട്ടുകൾ കറഞ്ഞുകറഞ്ഞ് ഇല്ലാതായിത്തീർന്നു. ന്യൂനപക്ഷത്തിനാകട്ടെ കലയില്ലെങ്കിൽ നേരംപോക്കാൻ നിവൃത്തിയില്ലായിരുന്നു. അവർ വളരെയധികം കലാസൃഷ്ടി ചെയ്തു. ആ സൃഷ്ടികൾ അവയുടെ സ്രഷ്ടാക്കളുടെ ജീവിതത്തെ പ്രതിഫലിപ്പിച്ചു. ഉത്സാഹപൂർണ്ണമായ ജീവിതത്തിന്റെ ആനന്ദം കവിതകളിൽനിന്നു മാഞ്ഞു. പലതരം തത്ത്വചിന്തകളും കലാവിഷയമായി. മതപരമായ ആശയങ്ങളാണ് ഇക്കാലത്തെ പ്രധാന കലാവസ്തു. ഒന്നാമത്തെ കാലഘട്ടത്തിൽനിന്ന് ഈ കാലഘട്ടത്തിനുള്ള പ്രത്യേകതകൾ മൂന്നാണ്. ഒന്നാമതായി കല ജനസാമാന്യത്തോടു ബന്ധമില്ലാത്തതായി. ഒരു ചെറുവിഭാഗത്തിന്റെ വിനോദോപാധിയായിത്തീർന്നു. അതുകൊണ്ട് അതിന്റെ ഉള്ളടക്കം യഥാർത്ഥ സമുദായം പ്രതിഫലിക്കാത്തതായിത്തീർന്നു. രണ്ടാമത്തെ മാറ്റം ആദ്യത്തേതിന്റെ ഫലമായിട്ടുണ്ടായതാണ്. കലാവിഷയം സമുദായത്തിനു പൊതുവായതല്ലാത്തതുകൊണ്ട് കലയുടെ സ്വാഭാവികത്വം നശിച്ചു. കലാസങ്കേതങ്ങൾ കൃത്രിമമായി. ഫ്യൂഡൽകലയുടെ സാങ്കേതികമാർഗ്ഗമായ ക്ലാസ്സിസിസവും ബൂർഷ്വാസങ്കേതമായ റൊമാന്റിസിസവും ഈ കൃത്രിമത്വത്തിന്റെ ഉദാഹരണങ്ങളാണ്. അവ ഉള്ളടക്കത്തിൽ മനുഷ്യനെവിട്ടു കാട്ടുകയറി, രൂപത്തിൽ യഥാർത്ഥത്തെ വിട്ടു സ്വപ്നങ്ങളിലെത്തുകയും ചെയ്തു. മൂന്നാമത്തെ മാറ്റം, ഈ കാലഘട്ടത്തിലാണ് കല ഒരു ഉപകരണമായിത്തീർന്നതെന്നാണ്. ആദ്യകാലത്തെ ജനകീയകലയ്ക്കു രസമെന്നതിൽക്കവിഞ്ഞു ബോധപൂർവ്വമായ ലക്ഷ്യമൊന്നുമില്ലായിരുന്നു. രണ്ടാമത്തെ കാലഘട്ടത്തിലാകട്ടെ, കല കലയ്ക്കുവേണ്ടിയെന്നു വാദിച്ചവർകൂടി, കലയെ ഒരു പ്രചരണോപകരണമായിട്ടുപയോഗിച്ചു. ഇന്നു മനുഷ്യൻ സോഷ്യലിസത്തിലേയ്ക്കു കുതിച്ചുകയറുകയാണ്. അതിനനുസരിച്ചു കലാസങ്കേതം റിയലിസത്തിന്റെ പല പടികളിൽക്കൂടി കടന്നുപോകുന്നു. ഈ പശ്ചാത്തലത്തിലാണ് നാളത്തെ (ഇന്നത്തെയും) കവിത എന്തായിരിക്കണമെന്ന് ആലോചിക്കേണ്ടതു്. കവിത സാമാന്യജനങ്ങളിലേക്കു തിരിച്ചുവരണം; തീർച്ച. അതിന് ആദ്യമായി വിഷയം ജനങ്ങളുടെ ജീവിതമായിത്തീരണം. പക്ഷേ, ഫ്യൂഡലിസ്റ്റ്-ബൂർഷ്വാ കാലഘട്ടങ്ങൾ കലയിൽ വരുത്തിയ ചില മാറ്റങ്ങളെ നമുക്കു സ്വീകരിക്കാതെ നിവൃത്തിയില്ല. ഒന്നാമതു്, കലയ്ക്കു താത്ത്വികമായ ഒരു സ്ഥാനം കൊടുക്കുകയെന്നതു്. രണ്ടാമതു്, ബോധപൂർവ്വം അതിനെ ഉപകരണമാക്കുകയെന്നതു്. ഇനിയത്തെ കല ആദിമകലപോലെ ലക്ഷ്യരഹിതമായിരിന്നുകൂടാ. ആദിമകലയിൽനിന്നു നമുക്കു പഠിക്കാനുള്ളതു് അതിന്റെ രൂപഭദ്രതയാണ്. ജനഹൃദയങ്ങളെ കവരാൻ എന്തു ഗുണങ്ങൾകൊണ്ടാണ് നാടോടിപ്പാട്ടുകൾക്കു കഴിഞ്ഞതു് എന്നു പഠിച്ച് അവയെ അനുകരിച്ചു കവിതയെഴുതുകയാണ വേണ്ടതു്. അനുകരിച്ച് എന്നു പറഞ്ഞതു കരുതിക്കൂട്ടിയാണ്. ഇന്നു ഫോക്ക് കവിതയുണ്ടാക്കണമെന്നു പറഞ്ഞാൽ അതിന്റെയർത്ഥം പഴയ പാട്ടുകൾ 'ഉദ്ധരിക്കണ'മെന്നല്ല. അതു പുരാണവസ്തുഗവേഷകന്മാരുടെ ജോലിയാണ്. കണ്ണടച്ചു പകർത്തണമെന്നുമല്ല. മനുഷ്യൻ ശതാബ്ദങ്ങൾകൊണ്ടു വളരെ വളർന്നുപോയിട്ടുണ്ടല്ലോ. കല ഇക്കാര്യത്തിൽ ചരിത്രംപോലെയാണ്. ചരിത്രം ആവർത്തിക്കുന്നു. പക്ഷേ, ഒരിക്കൽ കഴിഞ്ഞതിന്റെ വെറുമൊരു ആവർത്തനമല്ല; കുറെക്കൂടി ഉന്നതമായ ഒരു വൃത്തത്തിലേയ്ക്കു പിരിയൻ കോവണിപോലെ കയറിപ്പോകുന്ന ഒരു ഗതിയാണ്. ജനങ്ങളുടെ പൊതുകലാസമ്പത്തായിത്തീരാൻ പഴയ പാട്ടുകൾക്ക് എന്തെല്ലാം ഗുണവിശേഷങ്ങളുണ്ടായിരുന്നു? പ്രാഥമിക വികാരങ്ങളും (സ്നേഹം, പ്രതികാരം മുതലായവ) സാർവ്വജനീനമായ വിഷയങ്ങളും, നേരിട്ടുള്ള പ്രതിപാദനം, ലളിതമായ ഭാഷ, ഉൾനാടനുപമകൾ, പാടാവുന്ന രാഗം, ഒരു കഥയ്ക്കു വേണ്ടത്ര നീളം—ഇവയാണ് പ്രധാനമായവ. ഇവയെല്ലാം ശ്രീ. വാര്യരുടെ കവിതകളിലുണ്ട്. ഇതിനും പുറമെ ഏറ്റവും പുരോഗമനപരമായ ഒരു ലക്ഷ്യവുമുണ്ട്. 'നീണ്ടകവിതകൾ' പഴയപാട്ടുകളുടെ ഒരു വെറും ഓർമ്മക്കുറിപ്പല്ല, നവജീവൻ തുളുമ്പുന്ന പുനരുത്ഥാനമാണ്.

സെപ്തംബർ 1948.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.